(ബി) ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിന് വ്യക്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ നീര ഉല്പാദനത്തിന് സഹകരണസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല. നീര എന്ന പാനീയം ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ വ്യക്തികൾക്ക് നീര ലൈസൻസ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായം

149 (1975) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് ധനസഹായത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിതമദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയിൽനിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണ മേൽനോട്ടം എക്സൈസ് വകുപ്പിനാണ്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിധേയമായാണ് തുക അനുവദിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുവേണ്ടി 23-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 147/13/നി.വ. ഉത്തരവുപ്രകാരം ഡീ-അഡിക്ഷൻ സെന്ററുകളെ തെരഞ്ഞെടുക്കുവാനുള്ള മാനദണ്ഡം രൂപീകരിക്കുകയും ടി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ 9-6-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 86/2014/നി.വ. ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത 11 ലഹരിമുക്ത ചികിത്സാകേന്ദ്രങ്ങൾക്ക് 1,00,35,840 രൂപ ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം

150 (1976) <u>ശ്രീ ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളത് എന്നറിയിക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ലഹരിവിരുദ്ധ അനുബന്ധ പ്രവർത്തനങ്ങൾക്കായി വകുപ്പ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ലഹരിവസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധങ്ങളായ ബോധവൽകരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ്, ലഹരി വിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ, ഘോഷയാത്ര, ക്വിസ്സ്യോട്ടം, ഉപന്യാസ മത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്കരണം, കോളനികൾ കേന്ദ്രീകരിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധക്ലബ്ബുകൾ വഴിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്ക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവത്ക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവത്ക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം, മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവത്കരണ സന്ദേശങ്ങൾ അടങ്ങിയ പാഠഭാഗം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുമായി

LIBRARY ARCHIVES Kerala Legislative Assembly